**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആസ്തി വികസനം - മഞ്ചേരി നിയോജകമണ്ഡലം - മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1480/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി, 16.07.2019.**

---

പരാമർശം :- 1) സ.ഉ. (അച്ചടി) 332/12/ധന തീയതി 11/06/2012

2) സർക്കുലർ നം 54/14/ധന തീയതി 3/6/2014

3) സിൽക്ക് സീനിയർ മാനേജരുടെ (കമേഴ്സ്യൽ) 29/08/2017 ലെ സിൽക്ക്/45/സിഒ/ക്യൂഎസ്എഫ്/സിഡി/138 എ/2017-18/738 നമ്പർ കത്ത്.

4) 24.10.2017 ലെ സ.ഉ (സാധാ)3369/2017/തസ്വഭവ ഉത്തരവ്

5) അഡ്വ എം.ഉമ്മർ എം.എൽ.എ യുടെ 06.02.2019 ലെ കത്ത്.

6) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 05.03.2019 ലെ DB4/13004/18/സിഇ/തസ്വഭവ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പരാമർശം (4) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹു.എം.എൽ.എ ശുപാർശ ചെയ്തിരുന്നത് മിനിമാസ്റ്റ് ലൈറ്റുകൾക്കാണെന്നും ഭരണാനുമതിയിൽ ഹൈമാസ്റ്റ് ലൈറ്റ് എന്നാണ് രേഖപ്പെടുത്തി ഉത്തരവായതെന്നും എന്നാൽ പ്രൊപോസൽ നൽകിയതും സ്ഥാപിച്ചതും മിനിമാസ്റ്റ് ലൈറ്റ് ആണെന്നും ആയതിനാൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവർത്തിയുടെ പേര് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നാക്കി മാറ്റണമെന്ന് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എം.ഉമ്മർ എം.എൽ.എ.യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും മഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പരാമർശം (4)പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തും എസ്റ്റിമേറ്റ് തുക പ്രകാരവും സ്പെസിഫിക്കേഷൻ പ്രകാരവും നിർമ്മിച്ച മിനിമാസ്റ്റ് ലൈറ്റിന്റെ തുക നൽകുന്നതിനുള്ള ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

3.ഇതിനാവശ്യമായ തുക 4515-00-800-96 Projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

അഡ്വ എം.ഉമ്മർ എം.എൽ.എ (ആമുഖ കത്ത് സഹിതം)
സീനിയർ മാനേജർ (കൊമേഴ്സ്യൽ), സിൽക്ക്, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
സെക്രട്ടറി, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത് നം. 550/എൻ.സി.സി.1/2017/ധന
തീയതി 19.06.2019)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ